# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 120 | 28.01.2019-ൽ മറുപടിക്ക്

## ശബരിമലയിലെ പോലീസ് സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അടൂർ പ്രകാശ് | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) ശബരിമലയിൽ മണ്ഡലവിളക്ക് കാലത്തുണ്ടായ പ്രശ്നങ്ങൾ സംബന്ധിച്ച് ഹൈക്കോടതി നിയമിച്ച നിരീക്ഷണ സമിതി ഹൈക്കോടതിക്ക് നൽകിയ റിപ്പോർട്ടിനെതിരെ സർക്കാർ എതിർ വാദങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സമർപ്പിച്ചിട്ടില്ല. |
| (ബി) യുവതികൾക്ക് പോലീസ് സംരക്ഷണം നൽകണമെന്ന് കോടതി നിർദ്ദേശിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ മനിതി സംഘത്തിൽപെട്ട യുവതികളെ സംസ്ഥാനത്ത് പോലീസ് സംരക്ഷണയിൽ എത്തിക്കുകയും പിന്നീട് പോലീസ് സംരക്ഷണയിൽ ശബരിമലയിലേക്ക് കൊണ്ടുപോകുകയും ചെയ്തത് ഏത് സാഹചര്യത്തിലാണ് എന്ന് വ്യക്തമാക്കാമോ; | (ബി) ബഹു. സുപ്രീംകോടതിയുടെ ഉത്തരവ് പ്രകാരം പ്രായഭേദമന്യേ സ്ത്രീകൾക്ക് ശബരിമല ദർശനം അനുവദിച്ചിട്ടുള്ളതാണ്. അപ്രകാരമായിരിക്കെ ദർശനത്തിനായി എത്തിയ യുവതികളെ തടയുന്നതിനും, ദേഹോപദ്രവത്തിനും ഒരു വിഭാഗം ആൾക്കാർ തയ്യാറായി നില്പുള്ളതായി മനസിലാക്കിയ മേൽ യുവതികൾ പോലീസിനോട് സുരക്ഷ വേണമെന്ന് അപേക്ഷിച്ചതിനാലാണ് പോലീസ് ടിയാൾക്കാർക്ക് സുരക്ഷയ്ക്കായിട്ടുള്ള നടപടി എടുത്തിട്ടുള്ളത്. |
| (സി) മനിതി സംഘത്തിനെതിരെ ഭക്തർ പ്രതികരിച്ചപ്പോൾ | (സി) മനീതി സംഘം സ്വയം പിൻതിരിഞ്ഞപ്പോൾ അവരോടൊപ്പം |

| | |
|---|---|
| അവർക്ക് സംരക്ഷണം നൽകുന്നതിന് പകരം പോലീസുകാരും അവരോടൊപ്പം തിരിഞ്ഞ് ഓടേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | സുരക്ഷ ഒരുക്കുകയാണ് പോലീസ് ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ